# Sample Question for First Summative Assessment

## Term - I, 2010

**Marks : 80**

**Class : IX**

## MALAYALAM

**Time 3 hrs.**

---

### Section - A (എ വിഭാഗം)

I. താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഭാരതീയരുടെ ഉത്കൃഷ്ടതമമായ സാഹിത്യമെല്ലാം ആരണ്യങ്ങളിലെയും ആശ്രമങ്ങളിലെയും പ്രകൃതിയിൽ ഇണങ്ങിച്ചേർന്നു ലയം കൊള്ളുന്നു. രാമായണം, മഹാഭാരതം, ശാകുന്തളം, ഉത്തര രാമചരിതം, കാദംബരി മുതലായ കാവ്യങ്ങളിലെല്ലാം പ്രകൃതിക്ക് സ്വാതന്ത്ര്യവും പ്രധാനവുമായ ഒരു സ്ഥാനമുണ്ടെന്ന് വിശദമാണല്ലോ. നിത്യവും ശാശ്വതവുമായത് യാതൊന്നോ, അതിന്റെ പ്രശാന്തിയെ ക്ഷോഭ വിധേയനായ മനുഷ്യന് പ്രദാനം ചെയ്യുക എന്ന മഹത്തായ ധർമ്മമാണ് ഭാരതീയ സാഹിത്യത്തിൽ പ്രകൃതിക്കുള്ളത്. പാശ്ചാത്യ സാഹിത്യത്തിലെപോലെ കേവലം പശ്ചാത്തലമൊരുക്കൽ മാത്രമല്ല എന്നർത്ഥം. ഇന്ത്യയിൽ എങ്ങനെയുള്ള പ്രദേശങ്ങളാണ് തീർത്ഥാടനത്തിനുള്ള പുണ്യസ്ഥലങ്ങളായി കല്പിച്ചിട്ടുള്ളതെന്ന് നോക്കുക. പ്രകൃതിയുടെ ഏതെങ്കിലും ചില പ്രത്യേക സൗന്ദര്യമോ ഗാംഭീര്യമോ കളിയാടുന്ന ഭാഗങ്ങളായിരിക്കും അവ.

ചോദ്യങ്ങൾ

1. പാശ്ചാത്യ പൗരസ്ത്യ സാഹിത്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ന് ? (2)
2. ഭാരതീയ സാഹിത്യത്തിൽ പ്രകൃതിയുടെ ധർമ്മമായി കല്പിച്ചിരിക്കുന്നതെന്ത് ? (2)
3. ഭാരതത്തിലെ പുണ്യസ്ഥലങ്ങൾ എങ്ങനെയുള്ളവയാണ് ? (2)
4. ഭാരതീയ സാഹിത്യത്തിൽ പ്രകൃതിക്ക് സ്വതന്ത്രമായ ഒരു സ്ഥാനമുണ്ടെന്നെങ്ങനെ മനസ്സിലാക്കാം ? (2)
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായൊരു ശീർഷകം നൽകുക. (2)

### Section - B (ബി വിഭാഗം)

II.

(a) നിങ്ങളുടെ ഗ്രാമത്തിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടികളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് സുഹൃത്തിന് ഒരുകത്തെഴുതുക. (5)

(b) ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക. (4)

ശീലിച്ചതേ പാലിക്കൂ

അല്ലെങ്കിൽ

മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്

(c) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് നൂറ്റമ്പത് വാക്കിൽ കവിയാതെ ഉപന്യസിക്കുക. (6)

1. കായിക പരിശീലനത്തിന്റെ ആവശ്യകത – വിദ്യാർത്ഥികളിൽ
2. പരസ്യങ്ങളുടെ സ്വാധീനം – വിദ്യാർത്ഥികളിൽ
3. ടി.വി. സീരിയലുകളും – കേരള സംസ്കാരവും

## Section - C (സി വിഭാഗം)

(Marks : 15)

III 11.

(a) പ്രയോഗം മാറ്റുക (2)

1. ആശാൻ വർണ്ണനയിൽ മികവ് പാലിച്ച് കാവ്യശരീരത്തിന്റെ അംഗോപാംഗ ഘടനയെ കമനീയമാക്കി.
2. കാട്ടാളന്മാർ ഉയരത്തിൽ അഗ്നി ജ്വലിപ്പിച്ച് വന്യമൃഗങ്ങളെ അകറ്റി.

(b) താഴെ കൊടുത്തിട്ടുള്ളവയിൽ സങ്കീർണ്ണവാക്യങ്ങൾ ഏവ ? (2)

1. പരാർത്ഥമായി ഉത്തമ ജീവിതം നയിക്കുന്നവർക്ക് ഉൽക്കൃഷ്ടമായ പുനർജന്മം ഉണ്ടാകും.
2. മഴ പെയ്തപ്പോൾ വൃക്ഷങ്ങളെല്ലാം തളിർത്തു.
3. മേഘ ജ്യോതിസ്സുപോലെ ക്ഷണികമായിരുന്നു ആശാന്റെ കാവ്യ ജീവിതം.
4. നെൽ ഒരു മഹാകാവ്യമാണ്.

(c) താഴെ കൊടുത്തിട്ടുള്ള സംഭാഷണത്തെ അന്വാഖ്യാനരൂപത്തിലാക്കുക (2)

പപ്പു : (ലക്ഷ്മിയോട്) നീ എന്താ പഴം തിന്നാത്തേ ?

ലക്ഷ്മി : ഞാൻ വീട്ടിൽ ചെന്ന് അമ്മയും ഞാനും കൂടെ തിന്നോളാം.

(d) താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ ശരിയായവ കണ്ടെത്തി എഴുതുക. (2)

1. ചെളിയിൽ ചവിട്ടിയിട്ട് കാൽ കഴുകുന്നതിനേക്കാൾ ഭേദം ചവിട്ടാതിരിക്കുകയാണല്ലോ.
2. ചില നുതന വർണ്ണങ്ങൾ മലയാളം തുടങ്ങിയ ഭാഷകൾ സ്വീകരിച്ചിട്ടുണ്ട്.
3. ചുരുക്കത്തിൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന ആകെ താറുമാറായിക്കൊണ്ടിരിക്കയാണെന്ന് സംഗ്രഹിച്ച് പറയാം.

(e) (2) താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ അടിവരയിട്ട പദങ്ങളുടെ ശരിയായ രൂപം ചേർത്ത് തെറ്റുതിരുത്തുക. (2)

1. ഭക്തർ ഭഗവാന്റെ <u>അനുഗൃഹത്തിനായി</u>ക്കാത്തു നിന്നു
2. തത്വഖണ്ഡങ്ങളുടെ ശുഷ്കത നീക്കി <u>ഹൃദയദ്രവീകരണ സമൃദ്ധങ്ങളാ</u>ക്കിയേ ആശാൻ പ്രയോഗിച്ചിട്ടുള്ളൂ.

(f) (3) ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക. (5)

1. ഗാത്രം എന്ന പദത്തിന് ശരീരമെന്നാണല്ലോ അർത്ഥം. ഗോത്രം എന്ന പദത്തിന്റെ അർത്ഥമെന്ത് ?

   (ശരീരമുള്ളത്, വംശം, വിഭാഗം, കുഞ്ഞ്)
2. അധോമുഖം എന്ന പദത്തിന്റെ എതിർപദം

   (ഉന്മുഖം, അഭിമുഖം, ഷൺമുഖം, ഗോമുഖം)
3. നിചോളം എന്ന പദത്തിന്റെ അർത്ഥം

   (നീലനിറത്തിലുള്ള, പട്ട്, നീണ്ടചോളം, ഒരുചോള രാജാവ്)
4. ചികുരം എന്ന പദത്തിന്റെ പര്യായമല്ലാത്ത പദമേത് ?

   (വേണി, കൂന്തൽ, കൊടുമുടി, കുഴൽ)

## Section - C (സി വിഭാഗം)

( Marks : 15

III.

(a) പ്രയോഗം മാറ്റുക (2)

1. ആശാൻ വർണ്ണനയിൽ മിതത്വം പാലിച്ച് കാവ്യശരീരത്തിന്റെ അംഗോപാംഗ ഘടനയെ കമനീയമാക്കി.
2. കാട്ടാളന്മാർ ഉയരത്തിൽ അഗ്നി ജ്വലിപ്പിച്ച് വന്യമൃഗങ്ങളെ അകറ്റി.

(b) താഴെ കൊടുത്തിട്ടുള്ളവയിൽ സങ്കീർണ്ണവാക്യങ്ങൾ ഏവ ? (2)

1. പരാർത്ഥമായി ഉത്തമ ജീവിതം നയിക്കുന്നവർക്ക് ഉൽക്കൃഷ്ടമായ പുനർജന്മം ഉണ്ടാകും.
2. മഴ പെയ്തപ്പോൾ വൃക്ഷങ്ങളെല്ലാം തളിർത്തു.
3. മേഘ ജ്യോതിസ്സുപോലെ ക്ഷണികമായിരുന്നു ആശാന്റെ കാവ്യ ജീവിതം.
4. നൈൽ ഒരു മഹാകാവ്യമാണ്.

(c) താഴെ കൊടുത്തിട്ടുള്ള സംഭാഷണത്തെ അന്വാഖ്യാനരൂപത്തിലാക്കുക (2)

പപ്പു : (ലക്ഷ്മിയോട്) നീ എന്താ പഴം തിന്നാത്തേ ?

ലക്ഷ്മി : ഞാൻ വീട്ടിൽ ചെന്ന് അമ്മയും ഞാനും കൂടെ തിന്നോളാം.

(d) താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ ശരിയായവ കണ്ടെത്തി എഴുതുക. (2)

1. ചെളിയിൽ ചവിട്ടിയിട്ട് കാൽ കഴുകുന്നതിനേക്കാൾ ഭേദം ചവിട്ടാതിരിക്കുകയാണല്ലോ.
2. ചില നൂതന വർണ്ണങ്ങൾ മലയാളം തുടങ്ങിയ ഭാഷകൾ സ്വീകരിച്ചിട്ടുണ്ട്.
3. ചുരുക്കത്തിൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന ആകെ താറുമാറായിക്കൊണ്ടിരിക്കയാണെന്ന് സംഗ്രഹിച്ച് പറയാം.

(e) (2) താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ അടിവരയിട്ട് പദങ്ങളുടെ ശരിയായ രൂപം ചേർത്ത് തെറ്റുതിരുത്തുക. (2)

1. ഭക്തർ ഭഗവാന്റെ <u>അനുഗൃഹത്തി</u>നായിക്കാത്തു നിന്നു
2. തത്വഖണ്ഡങ്ങളുടെ ശുഷ്കത നീക്കി <u>ഹൃദയദ്രവീകരണ സമൃദ്ധങ്ങളാ</u>ക്കിയേ ആശാൻ പ്രയോഗിച്ചിട്ടുള്ളൂ.

(f) (3) ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക. (5)

1. ഗാത്രം എന്ന പദത്തിന് ശരീരമെന്നാണല്ലോ അർത്ഥം. ഗോത്രം എന്ന പദത്തിന്റെ അർത്ഥമെന്ത് ?

   (ശരീരമുള്ളത്, വംശം, വിഭാഗം, കുഞ്ഞ്)
2. അധോമുഖം എന്ന പദത്തിന്റെ എതിർപദം

   (ഉന്മുഖം, അഭിമുഖം, ഷൺമുഖം, ഗോമുഖം)
3. നിചോളം എന്ന പദത്തിന്റെ അർത്ഥം

   (നീലനിറത്തിലുള്ള, പട്ട്, നീണ്ടചോളം, ഒരുചോള രാജാവ്)
4. ചികുരം എന്ന പദത്തിന്റെ പര്യായമല്ലാത്ത പദമേത് ?

   (വേണി, കൂന്തൽ, കൊടുമുടി, കുഴൽ)

5. വട്ടം എന്ന പദത്തിന്റെ നാനാർത്ഥ പദങ്ങൾ ഏവാ ?

(ഒരുക്കം, സംശയം, വൃത്താകൃതി, ചോദ്യചിഹ്നം)

## Section - D (ഡി വിഭാഗം)

(Marks : 40)

IV.

(a) ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക. (6)

1. 'പണ്ടത്തെ പാട്ടുകൾ' ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

   (സാഹിത്യമഞ്ജരി, സാഹിത്യവിദ്യ, സാഹിത്യസാഹ്യം, സാഹിത്യനികഷം)

2. ആരോടാണ് മലയാള ഭാഷ സഖ്യമാർന്നത്

   (ഇംഗ്ലീഷ് ഭാഷയോട്, നക്ഷത്ര പങ്ക്തിയോട്, സംസ്കൃത ഭാഷയോട്, നൂതന സംസ്കാരങ്ങളോട്)

3. മഹാദ്രികൾ എന്താണ് പുതച്ചിരിക്കുന്നത്

   (നീഹാരം, നീലാരണ്യം, കാല്യം, കനകക്കതിര്)

4. ഏത് ആംഗലേയ കവിയുടെ സ്വാധീനമാണ് വീണപൂവിൽ കാണാൻ കഴിയുന്നത്

   (ടെന്നിസൻ, ഷെല്ലി, വേർഡ്സ്വർത്ത്, മിൽട്ടൺ)

5. 'ആയുഃ കല്ലോലലോലം കതിപയ ദിവസസ്ഥായിനീയൗവനശ്രീഃ' ആരുടെയാണ് ഈ വരികൾ?

   (ഉള്ളൂർ, കേരളവർമ്മ, ഭർത്തൃഹരി, കാളിദാസൻ)

6. മറക്കാൻ കഴിയാത്ത കാഴ്ച എന്ന് വിശേഷിപ്പിക്കുന്നത്

   (പിരിമിഡുകൾ, ചെമ്പൻകുന്നുകൾക്കിടയിലെ സൂര്യാസ്തമയം, കൂറ്റൻ ചിറകുകളോടുകൂടിയ ചിത്രശലഭങ്ങൾ, ഒട്ടകപ്പക്ഷികൾ)

V.

(a) മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക (4 × 3 = 12)

1. വീണപൂവിനെ ഹൃദയ ഹാരിയാക്കുന്ന ഗുണവിശേഷങ്ങൾ എന്തെല്ലാം ?
2. ആശാന്റെ ജീവിത ദർശനം എങ്ങനെയുള്ളതായിരുന്നു ?
3. നൈൽക്കരയിൽ ഏതെല്ലാം തരത്തിലുള്ള കാഴ്ചകളാണ് ലേഖകൻ കണ്ടത് ?
4. നൈലിലൂടെ സഞ്ചരിച്ച ലേഖകൻ കണ്ട പ്രകാശവലയം എന്തായിരുന്നു ?

(b) രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (4×3 = 12)

1. 'ദ്യോവിൽച്ചെന്നാഹ്ലാദസ്തബ്ധമാക്കും' – എന്ത് ? ആരെ ?
2. നാടൻ പാട്ടുകളുടെ എന്തെല്ലാം സവിശേഷതകളാണ് പണ്ടത്തെപാട്ടുകളിലൂടെ കവി ആവിഷ്കരിക്കുന്നത് ?
3. കവി സ്വയം മറന്നുപോയ ദർശനം എന്തായിരുന്നു ?
4. 'മലരൊളിതിരളും മധുചന്ദ്രികയിൽ/മഴവിൽക്കൊടിയുടെ മുനമുക്കി/എഴുതാനുഴറീ കല്പന ദിവ്യമൊരഴകിനെ എന്നെമറന്നൂ ഞാൻ' – ആശയഭംഗി വിവരിക്കുക.

~~(4 × 3 = 12)~~

4 വരികളായി എഴുതണം.

(c) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

(2 × 5 = 10)

1. സാൽക്കുച്ചി ഗ്രാമത്തിൽ ലേഖകൻ കണ്ട കാഴ്ചകൾ വിവരിക്കുക.
2. ബ്രഹ്മപുത്ര മഹാബാഗ് എന്ന ഗാനം ലേഖകന്റെ മനസ്സിനെ ആഴത്തിൽ സ്പർശിക്കാനിടയായ സാഹചര്യം വിവരിക്കുക.
3. തവാങ്ങിലെ ബുദ്ധ വിഹാരത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
4. മൊൺപാകൾ ശവസംസ്ക്കാര കർമ്മങ്ങളനുഷ്ഠിക്കുന്നതെങ്ങനെയെന്നു വിവരിക്കുക.